ശുനഃ ശേപസ്യ മാഹാത്മ്യമുപരിഷ്ടാത് പ്രചക്ഷ്യതേ
സത്യസാരാം ധൃതിം ദൃഷ്ട്വാ സഭാര്യസ്യ ച ഭൂപതേഃ (9-7-24)
വിശ്വാമിത്രോ ഭൃശം പ്രീതോ ദദാവവിഹതാം ഗതിം
മനഃ പൃഥിവ്യാം താമദ്ഭി സ്തേജസാപോ*f* നിലേന തത് (9-7-25)

*ശുകമുനി തുടർന്നു:*
മന്ഥാതന്റെ പുത്രൻ പുരുകുൽസൻ രസാതലമെന്ന പാതാളലോകത്തു ചെന്നു നാഗൻമാരുടെ (സർപ്പരാക്ഷസർ) ശത്രുക്കളായ ഗന്ധർവ്വൻമാരെ വകവരുത്തി. ഈ സഹായം ഓർമ്മിക്കുന്ന ആരെയും സർപ്പവിഷം ബാധിക്കുകയില്ലന്നൊരു പ്രതിഫലം നാഗൻമാർ അവനു നൽകി.

പുരുകുൽസന്റെ കുലത്തിലാണ് ത്രിശങ്കുവിന്റെ ജനനം. സ്വപിതാവിന്റെ ശാപത്താൽ ചണ്ഡാലനായിത്തീർന്ന ത്രിശങ്കു വിശ്വാമിത്രമുനിയുടെ സഹായത്താൽ ഉടലോടെ സ്വർഗ്ഗം പൂകാൻ ശ്രമിച്ചു. സ്വർഗ്ഗലോകത്ത് ത്രിശങ്കുവിന് പ്രവേശനം നിഷേധിച്ചപ്പോൾ വിശ്വാമിത്രൻ ത്രിശങ്കുവിനു വേണ്ടിയൊരു സ്വർഗ്ഗം തന്നെ നിർമ്മിച്ചു. അതൊരു നക്ഷത്രമായി ഇന്നും കാണപ്പെടുന്നു.

ത്രിശങ്കുവിന്റെ പുത്രൻ ഹരിശ്ചന്ദ്രന് പുത്രൻമാരുണ്ടായിരുന്നില്ല. നാരദമുനിയുടെ ഉപദേശപ്രകാരം വരുണനെ സംതൃപ്തിപ്പെടുത്തി ഹരിശ്ചന്ദ്രൻ. പുത്രനുണ്ടായാൽ അവനെ വരുണന് ബലി നൽകി കൊള്ളാമെന്ന് പ്രതിജ്ഞയും ചെയ്തു. അങ്ങിനെ ഹരിശ്ചന്ദ്രന് പുത്രഭാഗ്യമുണ്ടായി. വരുണൻ ഉടനേതന്നെ ബലി ആവശ്യപ്പെട്ടു. എന്നാൽ പുത്രസ്നേഹത്താൽ ആസക്തനായ ഹരിശ്ചന്ദ്രൻ ആവുംവിധം ബലികർമ്മം നീട്ടിവെക്കാൻ ശ്രമിച്ചു. ആദ്യം പത്തു ദിവസം കഴിയട്ടെയെന്നും പിന്നീട് അവനു പല്ലു മുളക്കട്ടെ എന്നും മറ്റും പറഞ്ഞ് ബലി നീട്ടിവച്ചു. എന്നാൽ ഒടുവിൽ മകൻ യുദ്ധവീരനായി കവചമണിയാറാവുമ്പോൾ ബലി നടത്താം എന്ന് വാഗ്ദാനം ചെയ്തു.

ഹരിശ്ചന്ദ്രന്റെ മകൻ രോഹിതൻ അച്ഛന്റെ വാഗ്ദാനം കേട്ട് സ്വരക്ഷക്കായി വനം പൂകി. എന്നാൽ ഈ സമയം ഹരിശ്ചന്ദ്രന് മഹോദരം പിടിപ്പെട്ടു. ഇതുകേട്ട് രോഹിതൻ കൊട്ടാരത്തിലേക്ക് മടങ്ങാൻ തുനിഞ്ഞപ്പോൾ ഇന്ദ്രൻ പ്രത്യക്ഷനായി. കൊട്ടാരത്തിലെത്തിയാലുടൻ ബലികർമ്മം നടക്കുമെന്നും അതു കൊണ്ട് ഇപ്പോൾ ഒരു നീണ്ട തീർത്ഥയാത്രക്ക് പോവുകയാണുത്തമമെന്നും അവനെ ഉപദേശിച്ചു. ഇങ്ങിനെ ആറുകൊല്ലം കടന്നുപോയി. കൊട്ടാരത്തിലേക്കു മടങ്ങുമ്പോൾ അജാഗിരന്റെ മദ്ധ്യപുത്രനായ ശുനഃശേപനെ വിലയ്ക്കു വാങ്ങുകയും ചെയ്തു.

ഹരിശ്ചന്ദ്രൻ ശുനഃശേപനെ വരുണന് ബലി നൽകി. ക്ഷണത്തിൽ രാജാവിന്റെ മഹോദരം മാറുകയും ചെയ്തു. വിശ്വാമിത്രൻ വസിഷ്ഠൻ തുടങ്ങിയവർ യാഗത്തിൽ പൗരോഹിത്യം വഹിച്ചു. യാഗത്തിൽ പ്രീതിപൂണ്ട ഇന്ദ്രൻ ഹരിശ്ചന്ദ്രന് ഒരു സ്വർണ്ണരഥം നൽകി. വിശ്വാമിത്രൻ ഹരിശ്ചന്ദ്രന്റെ സത്യത്തിലും ധർമ്മനിഷ്ഠയിലും സംതൃപ്തനായി അദ്ദേഹത്തെ പരമോന്നതമായ ആത്മവിദ്യ പഠിപ്പിച്ചു. രാജാവ് അങ്ങിനെ തന്റെ ബോധതലത്തെ പഞ്ചഭൂതങ്ങളിൽ നിന്നും പിൻവലിച്ച് യോഗാഗ്നിയിൽ വിലയിച്ച് ഈശ്വരസാക്ഷാത് കാരം നേടി.